TEACHERS—APPOINTMENT OF

*൪൪ ൫. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) യുദ്ധകാല പരിതഃസ്ഥിതിയിൽ അദ്ധ്യാപകന്മാരെ കിട്ടായ്കമൂലം പരീക്ഷാ യോഗ്യത തികയാത്ത എത്ര അദ്ധ്യാപകന്മാരെ സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്;

(ബി) അവരുടെ അവസരോചിതമായ സേവനത്തെ പരിഗണിച്ച് ആരെയെങ്കിലും സ്ഥിരം സർവ്വീസ്സിൽ നിയമിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: (എ) ൧൫.

(ബി) ഇല്ല.

GROUNDNUT CAKE—FIXING OF PRCIE

*൪൪൧. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊച്ചി രാജ്യത്തിൽ കപ്പലണ്ടി പിണ്ണാക്കിന്റെ വില നിശ്ചയിച്ചിട്ടുള്ളത് എവിടത്തെ നിലവാരത്തെ അടിസ്ഥാനപ്പെടുത്തിയാണ്;

(ബി) ബ്രിട്ടീഷിന്ത്യയിൽ ഓരോരോ പ്രോവിൻസുകളിലും കപ്പലണ്ടി പിണ്ണാക്കിന്റെ കൺട്രോൾ വിലകൾ എന്താണ്;

(സി) ഇപ്പോഴത്തെ നമ്മുടെ നാട്ടിലെ കൺട്രോൾ വില എന്താണ്;

(ഡി) ഗവൺമെണ്ടിൽനിന്നും കൊച്ചി രാജ്യത്തെ കച്ചവടക്കാരോട് കപ്പലണ്ടി പിണ്ണാക്കു കൺട്രോൾ വിലക്കു കരാർ ചെയ്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര ടണ്ണിന്നാണ്;

(എഫ്) എത്രവിലക്കാണ്;

(ജി) അങ്ങിനെ വാങ്ങിയിരുന്നതെല്ലാം ഡെലിവറി എടുത്തുവോ;

(എച്ച്) ഡെലിവറി എടുത്തിട്ടില്ലെങ്കിൽ ആയതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: (എ) ഹൈദ്രബാദിലേയും മദിരാശി സംസ്ഥാനത്തേയും നിലവാരത്തെ അടിസ്ഥാനപ്പെടുത്തിയാണ്.

(ബി) ഇൻഡ്യാഗവൺമെണ്ടു പിണ്ണാക്കുണ്ടാവുന്ന എല്ലാ പ്രോവിൻസുകളിലും സാധാരണയായി ഒരു മന്നിനു ൩ ക. ൪ ണ.യായി വില നിശ്ചയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ തോതനുസരിച്ചു ഓരോ ദിക്കുകളിലേക്കും സാധനം ഇറക്കുമതി ചെയ്യുവാനുള്ള ചിലവുകൾ കണക്കാക്കി വില നിശ്ചയിച്ചിരിക്കുകയാണ്. മദിരാശിയിൽ ഈ തോതനുസരിച്ച് ൧൨ ൦ രൂക്കുമുള്ള ചാക്കിനു ൫ ക. ൧൨ ണ. മുതൽ ൧൫ ക. വരെയായി നിശ്ചയിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിലെ ശരിയായ നിരക്കുകൾ എന്താണെന്ന് ഇവിടെ അറിവില്ല.

(സി) മൊത്തവില.

൧. പുറംരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്തിട്ടുള്ള പിണ്ണാക്കിനു ഒരു ടണ്ണിനു ക. ൧൨ ൦. Ex-godown packed.

൨. സ്റ്റോറിൽ ഉണ്ടാകുന്ന പിണ്ണാക്കിനു ക. ൧൦ ൪ Ex-mill loose.

൩. എല്ലാ ഇനങ്ങൾക്കും എല്ലായിടത്തും മുപ്പതു റാത്തൽ മന്നിനു ൧൫ ക. ൧൨ ണ.

(ഡി) ഇല്ല.

(ഇ, എഫ്, ജി, എച്ച്) ഡി-യുടെ മറുപടി അനുസരിച്ചു ഈ ചോദ്യങ്ങൾക്കു മറുപടി ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly